# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>'ജലകേരളം' സെമിനാർ</u>

4103 ശ്രീ. എം.എ. വാഹീദ്
,, വർക്കല കഹാർ
,, സി.പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് 'ജലകേരളം' സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സെമിനാർ മുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ജലസുരക്ഷയ്ക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത്; വിശദമാക്കുമോ;

(ഡി) ഇതിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ജലകേരളം -2014 ദേശീയ സെമിനാർ

4104 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ജലകേരളം 2014' ദേശീയ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സെമിനാറിൽ ചർച്ച ചെയ്തത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സെമിനാറിൽ പങ്കെടുത്തത്; വിശദമാക്കുമോ;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ജലയാനം 2014 റോഡ് ഷോ

4105 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ആഭിമുഖ്യത്തിൽ "ജലയാനം 2014 റോഡ് ഷോ" നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ;

(സി) ജലസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഇതുമായി സഹകരിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ</u>

4106 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയ്ക്കും എന്തു തുകയുടെ ഭരണാനുമതി നൽകി, അടങ്കൽ തുക, പദ്ധതി ഏതു പഞ്ചായത്തിൽ ഉൾപ്പെടുന്നു മുതലായ വിവരങ്ങൾ വിശദമായി വ്യക്തമാക്കുമോ; പദ്ധതികൾ ഓരോന്നിന്റേയും പുരോഗതി വിശദമാക്കാമോ;

(ബി) 2014-2015 വർഷം ബജറ്റിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ/പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിക്കും ഭരണാനുമതി തുക എത്രയെന്നും അടങ്കൽ തുക എത്രയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം ആരംഭിച്ചു എന്ന് വിശദമാക്കുമോ;

(ഡി) മിഷൻ 676- ൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയ്ക്ക് അയച്ച കത്ത്</u>

4107 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ വിഭാഗത്തിലെ ചീഫ് എഞ്ചിനീയർ 17.02.2014-ൽ കേന്ദ്ര ജല കമ്മീഷനിലെ ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ ചീഫ് എഞ്ചിനീയർകൂടിയായ നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ മെമ്പർ സെക്രട്ടറിക്ക് കത്തയച്ചിരുന്നോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കത്തിന് മറുപടി ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത മറുപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഇടമലയാർ ജലസേചന പദ്ധതി</u>

4108 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30 വർഷങ്ങൾക്ക് മുൻപ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും മെയിൻ കനാലിന്റെ 32 കി.മീ. വരെയും ലോ ലെവൽ കനാലിന്റെ 7300 മീ വരെയുമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതുമായ ഇടമലയാർ ജലസേചനപദ്ധതിയുടെ ട്രയൽ റൺ നടത്തുവാൻ അനുവാദം നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ജലസേചന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ</u>

4109 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നവീകരണ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ വിവിധ ജലസേചന പദ്ധതികളുടെ സേവനം കൂടുതൽ സ്ഥലങ്ങളിലേക്ക് ദീർഘിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ പ്രവൃത്തികൾ</u>

4110 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വകുപ്പ് കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും വർഷം തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

## കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ്

4111 ശ്രീ. കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിന്റെ ഏതെല്ലാം മെയിൻ കനാലും ബ്രാഞ്ച് കനാലുമാണ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നത്; കനാലിന്റെ സ്റ്റാർട്ട് ചെയിനേജ്, എൻഡിംഗ് ചെയിനേജ്, ആരംഭിക്കുന്ന സ്ഥലത്തിന്റെ പേര്, ചെയിനേജ് അവസാനിക്കുന്ന സ്ഥലത്തിന്റെ പേര്, നീളം മുതലായ വിവരങ്ങൾ സഹിതം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ബ്രാഞ്ച് കനാലുകളിൽ നിന്ന് പ്രോജക്റ്റ് മെയിന്റനൻസിനായും മറ്റു സ്കീമിലും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികൾ; വിശദമാക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിലുടെ കടന്നുപോകുന്ന ബ്രാഞ്ച്/ഡിസ്ട്രിബ്യൂട്ടറി കനാലുകളിൽ കോൺക്രീറ്റ് ലൈനിംഗ് ഇല്ലാത്ത ഭാഗങ്ങൾ ഉള്ള ബ്രാഞ്ച് കനാലുകൾ ഏതെല്ലാം; കനാലുകളുടെ ഏതെല്ലാം ചെയിനേജുകളിലാണ് ഇങ്ങനെ കോൺക്രീറ്റ് ലൈനിംഗ് ഇല്ലാത്തത്; വ്യക്തമാക്കുമോ;

(ഡി) നിലവിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിന്റെ കൊയിലാണ്ടി മണ്ഡലത്തിലെ കനാലുകളുടെ എത്ര ശതമാനം ഭാഗം കോൺക്രീറ്റ് ലൈനിംഗ് നടത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(ഇ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിലെ കൊയിലാണ്ടി മണ്ഡലത്തിലെ കനാലുകളിൽ ലൈനിംഗ് ചെയ്യാൻ എത്ര രൂപ ചെലവ് വരും എന്നത് ഏകദേശം കണക്കാക്കാൻ കഴിയുമോ; എങ്കിൽ ഓരോ കനാലിനും എത്ര വീതമെന്ന് പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ</u>
<u>ചെറുകിട ജലസേചന പദ്ധതികൾ</u>

4112 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വകുപ്പ് 2012-13, 2013-14 വർഷങ്ങളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(സി) 2014-15-ൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ ഏവ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ ജലസേചന പ്രവൃത്തികള്‍</u>

4113 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 സാമ്പത്തിക വര്‍ഷത്തില്‍ വയനാട് ജില്ലയില്‍ ജലസേചന പ്രവൃത്തികള്‍ക്കായി എന്തു തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നടപ്പുസാമ്പത്തിക വര്‍ഷത്തെ ജലസേചന വകുപ്പിന്റെ ജില്ലയിലെ ഭൗതിക ലക്ഷ്യങ്ങള്‍ എന്തെല്ലാമെന്ന് നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) നടപ്പു വര്‍ഷം ഓരോ ഇനത്തിലും ജില്ലയില്‍ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നു അറിയിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ കുഴൽക്കിണർ നിർമ്മാണം</u>

4114 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭൂജല വകുപ്പ് ഏതെല്ലാം സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ചശേഷം മെഷീൻ സ്ഥാപിക്കാതെയുണ്ടെന്നും മെഷീൻ സ്ഥാപിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) മെഷീനുകൾ സ്ഥാപിച്ച് പ്രസ്തുത കിണറുകൾ എന്ന് ഉപയോഗ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി</u>

4115 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ എത്രയാണെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ എന്തു തുക ചെലവഴിച്ചു;

(ഡി) മലപ്പുറം ജില്ലയിൽ പ്രസ്തുത കാലയളവിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>നദികളുടെയും കായലുകളുടെയും സംരക്ഷണം</u>

T4116 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ നദികളെയും കായലുകളെയും സംരക്ഷിക്കുവാൻ എന്തുനടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) ആയതിന് പ്രത്യേകമായി ഒരു അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ</u>

4117 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലമലിനീകരണത്തിൽ ദേശീയാടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ്;

(ബി) ജലം മലിനപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) മലിനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിന് നിരീക്ഷണസംവിധാനങ്ങൾ ഒരുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജലമലിനീകരണം തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് പദ്ധതി</u>

4118 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ പ്രധാന നദികളെ മാലിന്യമുക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>കിള്ളിയാർ സംരക്ഷണ പദ്ധതി</u>

4119 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ സംരക്ഷിക്കുന്നതിനും നവീകരണ പ്രവൃത്തികൾക്കുമായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത് ഏജൻസിയെയാണ് പ്രേജക്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) എന്നാണ് പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയതെന്നും കാലാവധി എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രോജക്ട് തയ്യാറായിട്ടുണ്ടെങ്കിൽ അത് എത്ര രൂപയുടേതാണെന്നും പദ്ധതിക്ക് അംഗീകാരം നൽകേണ്ടത് ആരാണെന്നും
വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വീടുകളിൽ മഴവെള്ള സംഭരണികൾ</u>

4120 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ച് നല്കാൻ പദ്ധതിയുണ്ടോ ;
വിശദാംശം നൽകുമോ ;

(ബി) എത്ര ലിറ്റർ മഴവെള്ളമാണ് ഓരോ കുടുംബത്തിലും സംഭരിക്കുവാൻ കഴിയുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) എത്ര വീടുകളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(ഡി) ഓരോ യൂണിറ്റിനും വേണ്ടിവരുന്ന ചെലവ് എത്ര രൂപയാണ് : സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോ ; ഓരോ ഗുണഭോക്താവും എന്തു തുക ചെലവഴിക്കേണ്ടിവരും ; വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ജല സമ്പാദ്യം പദ്ധതി</u>

4121 ശ്രീ. വി. റ്റി. ബൽറാം
'' ഷാഫി പറമ്പിൽ
'' എ. റ്റി. ജോർജ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണത്തിനും ജലമലിനീകരണം തടയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ജലസമ്പാദ്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിരക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ജനകീയ മഴവെള്ള സംഭരണം</u>

4122 ശ്രീ. സി.പി. മുഹമ്മദ്
'' എ.റ്റി. ജോർജ്
'' ഷാഫി പറമ്പിൽ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ചയെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

‘‘ജലനിധി’’ പദ്ധതി

4123 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ‘‘ ജലനിധി’’ പദ്ധതി പ്രകാരം എത്ര രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്;

(ബി) ജലനിധി എത്ര ഘട്ടം നടപ്പിലാക്കിയിട്ടുണ്ട്; ഓരോ ഘട്ടത്തിലും എത്ര ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയത്; ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ;

(സി) ജലനിധി പദ്ധതിയുടെ ഫൈനൽ സ്റ്റേജിൽ എത്ര ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജലനിധി പദ്ധതിയിലുൾപ്പെടുത്തി ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതികൾ</u>

4124 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികൾ പുതുതായി കമ്മിഷൻ ചെയ്തു; ഏതെല്ലാം; ഇതിനായി എന്തുതുക ചെലവഴിച്ചുവെന്നും അതിൽ വിവിധ ഏജൻസികളിൽ നിന്ന് കടം വാങ്ങിയ തുക എത്രയെന്നും അറിയിക്കുമോ;

(ബി) എത്ര പദ്ധതികൾക്ക് സർക്കാർ പുതുതായി അനുമതി നൽകി, ഇതിനുവേണ്ടുന്ന തുക എത്ര; ഇതിൽ സർക്കാർ ഫണ്ട് എത്ര; കടം വാങ്ങിയതുക എത്ര; വ്യക്തമാക്കുമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ശതമാനം പണി തീർന്നിട്ടുണ്ട്; എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്; പ്രസ്തുത പദ്ധതിക്ക് നാളിതുവരെ എന്തു തുക ചെലവഴിച്ചു; ഇനി എന്തുതുക വേണ്ടിവരും; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; നാളിതുവരെ എന്തുതുക ഇതിനായി ചെലവഴിച്ചു; ഇനി എന്തുതുക വേണ്ടി വരും; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ശുദ്ധജല വിതരണ പദ്ധതികൾക്ക് ജിക്കായിൽ നിന്നുള്ള വായ്പ

4125 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ശുദ്ധജല വിതരണ പദ്ധതികൾക്കായി ജപ്പാൻ ബാങ്ക് ഓഫ് ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ നിന്ന് ഇതുവരെ എടുത്ത ലോൺ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ലോൺ എടുത്ത തുകയിൽ നിന്നുള്ള ചെലവ് സ്കീം തിരിച്ചും വക തിരിച്ചും വ്യക്തമാക്കുമോ;

(സി) ജിക്കാ ലോണിൽ നിന്ന് സ്ഥാപന ശാക്തീകരണത്തിനായി വകയിരുത്തിയിട്ടുള്ള തുകയുടെ ചെലവുകൾ വിശദമാക്കുമോ;

(ഡി) ജിക്കാ ലോൺ ഉപയോഗിച്ച് ലീക്ക് റെക്റ്റിഫിക്കേഷൻ ഉപകരണങ്ങൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ചെലവായ തുക എത്ര; എത്ര ലീക്കുകൾ പ്രസ്തുത ഉപകരണം ഉപയോഗിച്ച് പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥാപനശാക്തീകരണത്തിന്റെ പേരിൽ കേരള വാട്ടർ അതോറിറ്റി പന്ത്രണ്ടു നിലക്കെട്ടിടം പണിയുന്നതിന് ഉപയോഗിക്കുന്ന ലോൺ തുക എത്രയാണെന്നും ആയതിന് എത്ര ശതമാനം പലിശസഹിതം, എന്നു മുതൽ തിരിച്ചടയ്ക്കണമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിലെ കുടിവെള്ള വിതരണം</u>

4126 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ശുദ്ധവും ചെലവ് കുറഞ്ഞതുമായ കുപ്പിവെള്ളം</u>

4127 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിനായി കുപ്പിവെള്ളം ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധവും ചെലവ് കുറഞ്ഞതുമായ കുപ്പിവെള്ളം വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കുടിവെള്ള ചാർജ്ജ് വർദ്ധനവ്</u>

4128 ശ്രീ. എം.എ. ബേബി
'' കെ. സുരേഷ് കുറുപ്പ്
'' എ. പ്രദീപ്കുമാർ
'' റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനുള്ള ചാർജ്ജ് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന പ്രക്രിയയിൽ കുടിവെള്ള വിലവർദ്ധന അനിവാര്യമാക്കും വിധം ഏതു ഘടകത്തിനാണ് ചെലവേറിയതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിക്ക് മതിയായ സഹായം അനുവദിക്കാതെ വില വർദ്ധന നിർബന്ധിതമാക്കുന്ന നിലപാടാണ് സർക്കാരിന്റേതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിവെള്ള ചാർജ് വർദ്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

കുടിവെള്ളത്തിനായി ചെക്കുഡാമുകളും സ്റ്റോറേജ് ഡാമുകളും

4129 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിവെള്ള ആവശ്യം നിറവേറ്റുന്നതിനായി എത്ര ചെക്കുഡാമുകളും സ്റ്റോറേജ് ഡാമുകളും എവിടെയെല്ലാം നിർമ്മിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽ എന്തു തുക നാളിതുവരെ ചെലവഴിച്ചുവെന്നറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

4130 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുമോ;

(ബി) മിക്ക സ്ഥലങ്ങളിലും പൈപ്പുകൾ പൊട്ടി ജലം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപാകതകൾ പരിഹരിച്ച് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ വെള്ളക്കരം വർദ്ധനവ് ഉൾപ്പെടെയുള്ള നടപടികൾ നിർത്തിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കരാറുകാർക്കുള്ള കുടിശ്ശിക നൽകുന്നതിന് നടപടി</u>

4131 ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യഥാസമയം പണം നൽകാത്തതു കാരണം ജലവിഭവ വകുപ്പിന്റെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വൈമനസ്യം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം അടിയന്തിര നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പഴയ പൈപ്പുകൾക്ക് പകരം എം.എസ്. പൈപ്പ്

4132 ശ്രീ. അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ആർ സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഴയ പൈപ്പുലൈനുകൾ മാറ്റി പകരം പുതിയ എം.എസ്. പൈപ്പ് ഇടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ശുദ്ധജലവിതരണ പദ്ധതികളുടെ നവീകരണത്തിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിലെ പൈപ്പുപൊട്ടൽ</u>

4133 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ തുടർച്ചയായി കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടുന്നത് ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയുടെ ഭാഗമായാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിലുള്ള കുറ്റങ്ങളിൽ നാളിതുവരെ എത്ര പേർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണന്നും അവർക്കെതിരെ സ്വീകരിച്ച ശിക്ഷാനടപടി എന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പൈപ്പ് പൊട്ടിയതിനെക്കുറിച്ചുള്ള അന്വേഷണം</u>

4134 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ലെ ആറ്റുകാൽ പൊങ്കാലയുടെ തലേദിവസം തിരുവനന്തപുരത്ത് പൈപ്പ് പൊട്ടിയതുമായി ബന്ധപ്പെട്ട വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) ആർക്കെങ്കിലുമെതിരെ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പഞ്ചമി ലെയിനിൽ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കാൻ നടപടി</u>

4135 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിലെ മൂന്നാംമൂട്-പാണാങ്കര പഞ്ചമി ലെയിനിൽ ജവഹർലാൽ നെഹ്റു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം ശുദ്ധജലവിതരണ പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഏതു പദ്ധതി പ്രകാരമാണ് പ്രസ്തുത പ്രദേശത്ത് ശുദ്ധജലവിതരണ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ളതെന്നും ഈ പദ്ധതി ആരംഭിച്ചതെന്നാണെന്നും അറിയിക്കുമോ;

(സി) പാണാങ്കര പഞ്ചമി ലെയിനിൽ ശുദ്ധജലവിതരണ പൈപ്പുലൈൻ സ്ഥാപിച്ച് ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്ന പദ്ധതി പൂർത്തീകരിക്കുന്നതിനായി ഏതു പദ്ധതി കാലയളവിലാണ് തുക വകയിരുത്തിയിരുന്നത്; ആയത് പൂർത്തിയാക്കുന്നതിന് സമയക്രമം തയ്യാറാക്കിയിരുന്നോ; എങ്കിൽ എന്നാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്; അന്ന് പദ്ധതി പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണമെന്താണ്; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പാണാങ്കര പഞ്ചമി ലെയിനിൽ ശുദ്ധജലവിതരണപൈപ്പ്ലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്നും എന്നത്തേക്ക് ശുദ്ധജലവിതരണ കണക്ഷൻ നൽകാനാകുമെന്നും അറിയിക്കുമോ;

(ഇ) ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സമെന്താണെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വിതുര, തൊളിക്കോട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം</u>

4136 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിതുര, തൊളിക്കോട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 34 കോടി രൂപയുടെ ഒരു പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്ത പണി തുടങ്ങിയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്; പണികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിക്കായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടിവരികയെന്ന് അറിയിക്കുമോ;

(ഡി) ലാന്റ് അക്വിസിഷൻ സംബന്ധിച്ച വിഷയങ്ങൾ ഹൈപവർ കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ടോ; എന്തുതീരുമാനമാണ് പ്രസ്തുത കമ്മിറ്റി കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ഇ) ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെല്ലാം തടസങ്ങളാണുള്ളതെന്നും ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അയണിമൂട് ഇന്ദിര ഗാർഡൻസിലെ കുടിവെള്ള ക്ഷാമം</u>

4137 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വെടിവച്ചാൻ കോവിൽ അയണിമൂട് സെക്രട്ടേറിയറ്റ് ഹൗസിംഗ് കോളനിയായ ഇന്ദിരാ ഗാർഡൻസിൽ ആഴ്ചയിലൊരിക്കൽ മാത്രമാണ് കുടിവെള്ളം കിട്ടുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ജലലഭ്യതയ്ക്ക് മറ്റുയാതൊരു മാർഗ്ഗവുമില്ലാത്ത പ്രസ്തുത കോളനിയിൽ യഥേഷ്ടം കുടിവെള്ളം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത ഹൗസിംഗ് കോളനിയിൽ എന്നു മുതൽ കുടിവെള്ളം ദിവസേന നൽകി തുടങ്ങാനാകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾ</u>

4138 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടത്തിയ പുനരുദ്ധാരണ പ്രവൃത്തികളുടെ ലിസ്റ്റും ഭരണാനുമതി നൽകിയ തുകയുടെ വിവരവും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികള്‍</u>

4139 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം മണ്ഡലത്തില്‍ മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികള്‍ ഓരോന്നും ഇപ്പോള്‍ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം പദ്ധതികള്‍ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെന്നും അതിന്റെ പകര്‍പ്പുകളും ലഭ്യമാക്കുമോ;

(സി) വാട്ടര്‍ അതോറിറ്റി മുഖേന നടപ്പാക്കുന്ന ഇത്തരം പദ്ധതികള്‍ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമര്‍പ്പിക്കുന്നതിനും ഭരണാനുമതി നല്‍കുന്നതിനുമുള്ള കാലതാമസം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) കാലതാമസം ഒഴിവാക്കി എത്രയും വേഗം എല്ലാ പദ്ധതികള്‍ക്കും ഭരണാനുമതി നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

4140 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നടന്നുവരുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഓരോ പദ്ധതിയും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

പുത്തൂർ കുടിവെള്ള പദ്ധതി

4141 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എന്നറിയിക്കുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

എടപ്പാൾ ഡാമിലെ കുടിവെള്ള പദ്ധതി

4142 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടപ്പാൾ ഡാമിലെ കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് ലൈനുകൾ സ്ഥിരമായി പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനു ശാശ്വത പരിഹാരമായി പമ്പിംഗ് ലൈൻ പൂർണ്ണമായി മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ശുദ്ധജല വിതരണം</u>

4143 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വരൾച്ചാദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ ജലവിതരണ പ്രവൃത്തികൾ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഈ ഇനത്തിൽ എന്തു തുക ഇതുവരെ ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും ശേഷിച്ച തുക എപ്പോൾ നൽകാൻ കഴിയുമെന്നും അറിയിക്കുമോ;

(സി) ആസന്നമായ മൺസൂൺ കാലത്ത് വെള്ളപ്പൊക്കം മൂലം കോഴിക്കോട് ജില്ലയിൽ ശുദ്ധജലക്ഷാമം ഉണ്ടാകാനിടയുള്ള ജനവാസ കേന്ദ്രങ്ങളെ പ്രത്യേകം കണ്ടെത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ഡി) വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

4144 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) 2013 ൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പദ്ധതികൾക്ക് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി</u>

4145 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഭരണാനുമതി ലഭ്യമാക്കി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ്</u>
<u>ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണം</u>

4146 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നരിപ്പറമ്പ് പമ്പ് ഹൗസിൽ നിന്ന് മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് കാഞ്ഞിരമുക്ക് പുഴയുടെ അടിയിലൂടെ പോകുന്നതുമൂലം നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുഴയ്ക്കടിയിൽ പൈപ്പ് പൊട്ടിയാൽ മുങ്ങൽ വിദഗ്ധർ വന്ന് പൈപ്പ് നന്നാക്കുന്നതിന് മൂന്ന്- നാല് മാസങ്ങളെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് കെ. ഡബ്ല്യൂ.എ എടപ്പാൾ പി. എച്ച് ഡിവിഷൻ ഏതെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്ത് തുകയുടേതാണ്;

(ഡി) പൈപ്പ് ലൈൻ പാലത്തിന് മുകളിലൂടെയാക്കി മാറ്റുന്നതിന് തുക അനുവദിച്ച് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പാറക്കടവ് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം</u>

4147 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ നാല് വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച രണ്ടര ക്കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദാമക്കുമോ;

(ബി) മൂഴിയാറിൽ നിന്ന് വെള്ളം പമ്പുചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്താണ് ; ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

**പൈപ്പുലൈൻ സ്ഥാപിക്കാനെടുത്ത കുഴികൾ മൂലം തകർന്ന ചേർത്തലയിലെ റോഡുകൾ**

4148 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി റോഡുകൾക്ക് സമാന്തരമായും കുറുകെയും പൈപ്പ്ലൈനുകൾ ഇടുന്നതിനുവേണ്ടി അശാസ്ത്രീയമായി കുഴിക്കുന്നതുമൂലം റോഡിലൂടെ വാഹനങ്ങൾ പോകുമ്പോഴും മഴക്കാലത്ത് വെള്ളം കെട്ടുമ്പോഴുമെല്ലാം റോഡുകൾ പൈപ്പുലൈനിനുവേണ്ടി കുഴിച്ച ഭാഗങ്ങളിലേക്ക് താഴുന്നതും റോഡുകൾ നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം റോഡുകൾ പൊളിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനിയറിംഗ് വിഭാഗങ്ങളുടെ അനുമതി തേടാറുണ്ടോ;

(സി) ഇപ്രകാരം പൊളിക്കുന്ന റോഡുകൾ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കാനുള്ള തുക ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകാറുണ്ടോ; ഈ ഇനത്തിൽ ഇനിയും തുക നൽകാനുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുവാൻ എടുത്ത കുഴികൾമൂലം തകർന്ന ചേർത്തലയിലെ റോഡുകൾ അടിയന്തരമായി സഞ്ചാരയോഗ്യമാക്കുന്നതിൽ ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ അവ എത്ര കാലയളവിനുള്ളിൽ പരിഹരിക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ചേർത്തലയിലെ കുടിവെള്ള വിതരണം</u>

4149 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടി റോഡുകൾ നശിക്കുന്നതും പൈപ്പുലൈനുകൾ നന്നാക്കാൻ വൈകുന്നതുമൂലവും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൈപ്പുലൈനുകളിലുള്ള തകരാറുകളും കുടിവെള്ള വിതരണത്തിലെ തടസ്സങ്ങളും ഫോൺ മുഖേന ബന്ധപ്പെട്ട് പരിഹരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ചേർത്തലയിൽ ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പൈകുളത്ത് തടയണ

4150 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പൈങ്കുളത്ത് ഒരു തടയണ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിരുന്നോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഇ) എത്രയുംവേഗം സാങ്കേതികാനുമതി നൽകി സമയബന്ധിതമായി തടയണ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ചെക്ക് ഡാമുകളും റെഗുലേറ്ററുകളും</u>

4151 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ നദീതീരങ്ങളിലും ചെക്ക്ഡാമുകളും റെഗുലേറ്ററുകളും പണിയുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടായിരുന്നു;

(ബി) ഈ തുക ഉപയോഗിച്ച് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണം

4152 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ നഗരസഭ, ചാവക്കാട് നഗരസഭ, ഗുരുവായൂർ ദേവസ്വം എന്നിവിടങ്ങളിലേക്ക് ശുദ്ധജലം കൊണ്ടുവരുന്നതിനുള്ള കരുവന്നൂർ പദ്ധതിയുടെ ചേറ്റുവ പാലം മുതൽ ചാവക്കാട് വരെ പൈപ്പിടൽ കരാർ എടുത്ത കമ്പനി ഗുരുതരമായ കൃത്യവിലോപം കാട്ടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറെടുത്ത കമ്പനി ദേശീയപാത 17-ന്റെ നവീകരണത്തിനു മുമ്പ് എന്തുകൊണ്ട് പൈപ്പിട്ടില്ലെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഗുരുവായൂർ അഴുക്കുചാൽ പദ്ധതി</u>

4153 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ പൈപ്പിടൽ ജോലികൾ മന്ദഗതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അഴുക്കുചാൽ പദ്ധതിയുടെ നിർവ്വഹണ ഏകോപനത്തിന് പ്രത്യേക ഓഫീസറെ നിയമിക്കണമെന്ന മന്ത്രിതല യോഗത്തിൽ എം.എൽ.എ. ഉന്നയിച്ച ആവശ്യം പരിഗണിക്കുമോ;

(സി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും വെട്ടിപ്പൊളിച്ച റോഡുകൾ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

മാവുള്ള പൊയിൽ തോടിൽ വി.സി.ബി കം ബ്രിഡ്ജ്

4154 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ മാവുള്ള പൊയിൽ തോടിന് കുറുകെയുള്ള വി.സി.ബി കം ബ്രിഡ്ജിന്റെ നിർമ്മാണം പരിഗണനയിൽ ഉണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുവേണ്ടി വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തവനൂരിലെ മിനി പമ്പ നവീകരണം</u>

4155 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തെ തവനൂർ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്ന് തവനൂരിലെ മിനി പമ്പ നവീകരണത്തിന് ഒരു കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവൃത്തിയുടെ നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ ;

(സി) ടെണ്ടർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ പുനരുദ്ധാരണം</u>

4156 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ തീരുമാനിച്ച കാലയളവിൽ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

T4157 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിലെ അപാകതകൾമൂലം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപാകതകൾ സംബന്ധിച്ച് അന്വേഷണം വേണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കടുത്തുരുത്തിയിൽ സബ് ഡിവിഷൻ ഓഫീസ്</u>

4158 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി കേന്ദ്രമായി പുതിയ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതിനുവേണ്ടി നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സബ് ഡിവിഷൻ രൂപീകരിക്കുന്നതിനുവേണ്ടി കോട്ടയം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഈ റിപ്പോർട്ടിന്മേൽ ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സബ് ഡിവിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>കര്‍ഷകരുടെ ജലസേചന വകുപ്പ് മുഖേനയുള്ള പുനരധിവാസം</u>

4159 ശ്രീ. എ.കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദര്‍ഭ പാക്കേജിന്റെ മാതൃകയില്‍ കര്‍ഷകരുടെ പുനരധിവാസത്തിനായി മൈനര്‍ ഇറിഗേഷന്‍ വകുപ്പിന് ഏതെല്ലാം ജില്ലകളില്‍ സഹായധനം ലഭിച്ചിട്ടുണ്ട് ; എന്തു തുക ലഭിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) ആര്‍.ഐ.ഡി.എഫ് - 13 പ്രകാരം ഓരോ ജില്ലയ്ക്കും എന്തു തുക വീതം അനുവദിച്ചിട്ടുണ്ട് ;

(സി) ഇതില്‍ പാലക്കാട് ജില്ലയില്‍ എത്ര പദ്ധതികള്‍ അനുവദിച്ചിട്ടുണ്ട് ; ഇതിനായി എന്തു തുക അനുവദിച്ചു ; പദ്ധതികള്‍ ഏതെല്ലാമാണ് ;

(ഡി) ആര്‍.ഐ.ഡി.എഫ് - 16 പ്രകാരം ഓരോ ജില്ലയ്ക്കും എന്തു തുക വീതം അനുവദിച്ചിട്ടുണ്ട് ;

(ഇ) ഇതില്‍ പാലക്കാട് ജില്ലയില്‍ എത്ര പദ്ധതികള്‍ അനുവദിച്ചിട്ടുണ്ട് ; ഇതിനായി എന്തു തുക അനുവദിച്ചു ; പദ്ധതികള്‍ ഏതെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ</u>

4160 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനർ, മേജർ ഇറിഗേഷൻ വകുപ്പ് വഴി നടപ്പിലാക്കിയതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലസേചന പദ്ധതികൾ</u>

4161 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചുവെന്നും പദ്ധതി, മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, പഞ്ചായത്ത്, എസ്റ്റിമേറ്റ് തുക എന്നിവ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) 2014-15 വർഷം ജലവിഭവ വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

എസ്. എൽ. ആർ. വർക്കർ നിയമനത്തിനുള്ള ലിസ്റ്റിലെ അപാകത

4162 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷൻ വകുപ്പിൽ എച്ച്. അർ. വർക്കർമാരെ എസ്. എൽ. ആർ. വർക്കർമാരാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള നിയമന ലിസ്റ്റിൽ ചാലക്കുടി എം. ഐ. ഡിവിഷനു കീഴിലുള്ള സ്കിൽഡ് വിഭാഗത്തിൽപ്പെട്ട ശ്രീ. എ. ജി. മോഹനൻ, ശ്രീ. സി. കെ. ഉത്തമൻ എന്നിവരെ തെറ്റായി അൺസ്കിൽഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് തിരുത്തി സ്കിൽഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികൾ</u>

4163 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കുട്ടനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം 2013-14-ൽ സാമ്പത്തിക അനുമതി നൽകിയത് എന്നുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) സാമ്പത്തിക അനുമതി ലഭ്യമായിട്ടും നടപ്പിലാക്കാത്തതും തുക ലാപ്സായതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ ഭരണാനുമതി നൽകിയ മൈനർ ഇറിഗേഷൻ വർക്കുകൾ</u>

4164 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഭരണാനുമതി നൽകിയ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ ഏതൊക്കെയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിച്ചവ എത്രയെന്ന് അറിയിക്കുമോ;

(സി) പൂർത്തീകരിക്കാത്ത വർക്കുകൾ ഏതെല്ലാമെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പരിയാരം ആയുർവേദ കോളേജിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

4165 ശ്രീ. റ്റി.. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദ കോളേജിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ഇതുവരെയായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ;

(ബി) വാട്ടർ അതോറിറ്റിയിൽ ഫണ്ട് ഡെപ്പോസിറ്റ് ചെയ്തതെന്നാണെന്നും ഇതുവരെ വാട്ടർ അതോറിറ്റി ഇതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>നബാർഡിന്റെ ആർ.ഐ.ഡി.എഫ് XVII-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

4166 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പിന്റെ കീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ് XVII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഏതൊക്കെ പദ്ധതികളുടെ പ്രവൃത്തിയാണ് ഇതുവരെ തുടങ്ങാൻ സാധിക്കാത്തത്; വിശദാംശം നൽകുമോ;

(ബി) ഈ പ്രോജക്ടുകൾ ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അച്ചൻകോവിലാറിന്റെ തീരത്ത് സംരക്ഷണ ഭിത്തി</u>

4167 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കുന്നം-കൊല്ല കടവ് റോഡിന് സമീപം അച്ചൻകോവിലാറിന്റെ തീരത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഭാഗത്ത് അച്ചൻകോവിലാറിന്റെ തീരം ഇടിയുന്നതിനാൽ കല്ലിവേൽ, കുറ്റിയിൽ വടക്കതിൽ മോഹനന്റെ വീട് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയില്‍ പുഴകളും തോടുകളും നികത്തുന്നതിനെതിരെ നടപടി</u>

4168 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ പലയിടങ്ങളിലും ചെറുതോടുകള്‍, പുഴകള്‍ എന്നിവ സ്വകാര്യവ്യക്തികള്‍ കൈയ്യേറിയതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കക്കാട് പുഴയുടെ ജില്ലാ ആസ്ഥാനത്തോടടുത്ത ഭാഗം പൂര്‍ണ്ണമായി മണ്ണിട്ട് നികത്തിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ എന്തുനടപടിയാണ് ഇതിനെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>അലക്യംതോട് സംരക്ഷിക്കുന്നതിന് നടപടി</u>

4169 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പരിയാരം അലക്യംതോട് പൂർണ്ണമായും മലിനീകരിക്കപ്പെട്ടതിനാൽ പ്രദേശ വാസികളും കൃഷിക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലിനീകരണംമൂലം കടന്നപ്പള്ളി പഞ്ചായത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത തോട്ടിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കുന്നതിനും ആഴം വർദ്ധിപ്പിച്ച് ഇരുവശവും ഭിത്തികൾ കെട്ടി സംരക്ഷിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ആലത്തൂർ മണ്ഡലത്തിലെ 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി</u>

4170 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "ഒരു പഞ്ചായത്തിൽ ഒരു കുളം" എന്ന പദ്ധതി പ്രകാരം മൈനർ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിൽ നിന്ന് എത്ര കുളങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പഞ്ചായത്തു തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിനായി എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി</u>

4171 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം എത്ര കുളങ്ങളും ചിറകളും ഇതിനകം പുനരുദ്ധരിച്ചിട്ടുണ്ട്;

(ബി) ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരവും അനുവദിച്ച തുകയും ജില്ല തിരിച്ച് അറിയിക്കുമോ;

(സി) മുഴുവൻ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) എല്ലാ പഞ്ചായത്തുകളിലും ചിറകൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ പൊതുകുളങ്ങളുടെ പുനരുദ്ധാരണം</u>

4172

ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര പൊതുകുളങ്ങൾ പുനരുദ്ധരിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) മണലൂർ നിയോജക മണ്ഡലത്തിലെ എത്ര പൊതുകുളങ്ങളാണ് പുനരുദ്ധാരണത്തിന് അനുമതി നൽകിയത് എന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ പൊതുകുളത്തിനായും നീക്കിവച്ചിരിക്കുന്ന തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം</u>

4173 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ ഇതുവരെ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിക്കാൻ അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിക്കും എന്തു തുകവീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പുതിയതായി എത്ര കുളങ്ങൾ നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) കരവാരം ഗ്രാമപഞ്ചായത്തിൽ വൃത്തിഹീനമായി കിടക്കുന്ന നാറാണത്തുചിറ നവീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം</u>

4174 **ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റ്യാടി മണ്ഡലത്തിൽപ്പെട്ട ഏതൊക്കെ കുളങ്ങൾ നവീകരണത്തിനായി തെരെഞ്ഞെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും വകയിരുത്തിയ ഫണ്ട് എത്രയെന്നും ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ജലഅതോറിറ്റി ഏറ്റെടുത്ത പദ്ധതികൾ</u>

4175 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഅതോറിറ്റി 1998 മുതൽ 2013 മാർച്ച് വരെ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്ന് വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര പദ്ധതികൾ 2013 മാർച്ച് വരെ പൂർത്തിയാക്കാത്തതായുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ;

(സി) 2012 മുതൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടും പണി ആരംഭിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്</u>

4176 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ തയ്യാറാക്കപ്പെട്ടിരിക്കുന്ന സോഫ്റ്റ്‌വെയർ ഒഴിവാക്കി, ഒറക്കിൾ എന്ന ബഹുരാഷ്ട്ര കമ്പനിക്ക് വാട്ടർ അതോറിറ്റിയുടെ കംപ്യൂട്ടർ സെക്ഷൻ ഉപയോഗിക്കുന്നതിന് സൗകര്യം ലഭിക്കുംവിധം എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനത്തിന് നിദാനമായ കാരണങ്ങളും ആവശ്യങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പ്ലമ്പിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം</u>

4177 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്ലമ്പിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(ബി) ഐ.റ്റി.ഐ പ്ലംമ്പിംഗ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ ലൈസൻസ് നൽകുകയുള്ളു എന്ന നിബന്ധന ഉണ്ടോ;

(സി) കെ.ഡബ്ല്യു.എ ലൈസൻസിന് വേണ്ടി പ്രത്യേക ടെസ്റ്റ് നടത്തുന്നുണ്ടോ; ഈ ടെസ്റ്റിന് എപ്പോഴാണ് അപേക്ഷ ക്ഷണിക്കുന്നത്; ടെസ്റ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണ കുടിശ്ശിക

4178

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ അവസാനമായി പെൻഷൻ പരിഷ്കരണ ഉത്തരവ് എന്നാണ് നിലവിൽ വന്നത് എന്നറിയിക്കുമോ;

(ബി) 01.07.2009 മുതലുള്ള പെൻഷൻ പുനർനിർണ്ണയം പൂർത്തിയായിട്ടും കുടിശ്ശിക വിതരണം ചെയ്യാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പെൻഷൻ പരിഷ്കരണ ഉത്തരവ് അനുസരിച്ചുള്ള കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ പെൻഷൻ കുടിശ്ശിക</u>

4179 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നൽകുവാനുണ്ടോ ;

(ബി) എങ്കിൽ എന്തു തുകയാണ് കുടിശ്ശികയായുള്ളത് ;

(സി) ഏത് കാലഘട്ടത്തിലെ തുകയാണ് കുടിശ്ശികയായിട്ടുള്ളത് ;

(ഡി) പ്രസ്തുത തുക നൽകുവാനുള്ള കാലതാമസത്തിനുള്ള കാരണം എന്താണ് ;

(ഇ) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ പെൻഷൻ കുടിശ്ശിക</u>

4180 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്ല്യു.എ.യിലെ അവസാനമായി പെൻഷൻ പരിഷ്കരണം അനുവദിച്ച് ഉത്തരവായത് എന്നാണ്; എന്നു മുതലാണ് പ്രാബല്യം;

(ബി) 01.07.09 മുതലുള്ള പെൻഷൻ കുടിശ്ശിക നാളിതു വരെയും പൂർണ്ണമായും കെ.ഡബ്ല്യു.എ. യിൽ വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പെൻഷൻ കുടിശ്ശിക അടിയന്തിരമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ</u>
<u>കുടിശ്ശിക വിതരണം</u>

4181 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളവാട്ടർ അതോറിറ്റിയിൽ പെൻഷൻ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ കടൽക്ഷോഭം</u>

4182 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തോടൊപ്പം തുടങ്ങിയ ശക്തമായ കടൽ ക്ഷോഭത്തിൽ പൊന്നാനി മണ്ഡലത്തിൽ നിരവധി വീടുകളും കരഭാഗവും കടലെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ അടിയന്തരമായി കടൽ ഭിത്തി കെട്ടാൻ നടപടി സ്വീകരിക്കുമോ;

(സി) കടൽക്ഷോഭം കുറയ്ക്കാൻ പുലിമുട്ടുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനായി കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>കടപ്പുറം പഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണം</u>

4183 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടൽഭിത്തിയില്ലാത്ത കടപ്പുറം പഞ്ചായത്തിലെ ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കോരപ്പുഴയുടെ സംരക്ഷണം</u>

4184 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖത്തെ ചെളിയും മണലും നീക്കം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കോരപ്പുഴയെ നാശത്തിൽനിന്ന് സംരക്ഷിക്കാനും പുഴയോരമേഖലയിലെ മത്സ്യതൊഴിലാളികൾക്ക് ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്താനും ഉപയുക്തമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മാട്ടൂൽ, മാടായി പഞ്ചായത്തുകളിലെ തകർന്ന കടൽഭിത്തി പുനർനിർമ്മാണം</u>

4185 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി പഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് ജലസേചന വകുപ്പ് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് അറിയിക്കുമോ;

(സി) കടൽഭിത്തി കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കടലാക്രമണം തടയാൻ മാട്ടൂൽ തെക്ക് ഭാഗത്ത് നിർമ്മിച്ച പുലിമുട്ടിന് നീളം കൂട്ടുകയും ഉപപുലിമുട്ട് നിർമ്മിക്കുകയും ചെയ്ത് തിരമാലകളുടെ ശക്തി കുറയ്ക്കാൻ സാധിക്കുമെന്ന വിദഗ്ദ്ധാഭിപ്രായം പരിശോധിക്കുകയും ഇതിന് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ദേശീയ ജലപാതയുടെ നിർമ്മാണം

4186 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നടത്തിയ ദേശീയ ജലപാതയുടെ നിർമ്മാണപ്രവൃത്തികളുടെ വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ; കാലവിളംബത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ലഭിച്ച കേന്ദ്രസഹായമെത്രയെന്നും സംസ്ഥാനം ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ?